<u>പതിമൂന്നാം കേരള നിയമസഭ</u>

നാലാം <u>സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1082**      20-03-2012-ൽ മറുപടിയ്ക്ക്

# <u>പട്ടയം ലഭിക്കുന്നതിനുമുമ്പ് കൈമാറ്റം ചെയ്ത കൈവശഭൂമിയുടെ ഉടമസ്ഥാവകാശം</u>

| ചോദ്യം<br>ശ്രീ. വി. പി. സജീന്ദ്രൻ | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പുമന്ത്രി) |
|---|---|
| (എ) കൈവശഭൂമിയ്ക്ക് ലാന്റ് വാല്യൂ അടച്ചു കഴിഞ്ഞിട്ട് പ്രസ്തുത ഭൂമി പട്ടയം ലഭിക്കുന്നതിന് മുൻപ് കൈമാറ്റം ചെയ്താൽ പ്രസ്തുത പട്ടയം അവരുടെ പേരിൽ ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥകൾ ഉണ്ടോ ; | (എ) സർക്കാരിലേയ്ക്കുള്ള എല്ലാ തുകകളും അടച്ചു കഴിഞ്ഞാലും കേരള ഭൂമി പതിവ് നിയമ പ്രകാരം പതിവ് ഭൂമി കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥയില്ല. ഏത് ആവശ്യത്തിനാണോ സർക്കാർ ഭൂമി പതിച്ചു നൽകുന്നത് ആ ആവശ്യത്തിന് പട്ടയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ഭൂമി വിനിയോഗിക്കുവാൻ പട്ടാദാർ ബാദ്ധ്യസ്ഥരാണ്. അസൈൻമെന്റ് ഓർഡറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടു മാത്രമേ ഭൂമി കൈമാറ്റം പാടുള്ളൂ. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകുന്ന ഭൂമി 25 വർഷം കഴിഞ്ഞു മാത്രമേ കൈമാറ്റം ചെയ്യാവൂ എന്ന് 24.01.2009-ലെ ജി.ഒ. (പി) 45/2009/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നിയമാനുസൃതം പട്ടയം നൽകിയിട്ടില്ല എങ്കിൽ ഭൂമി സർക്കാർ ഭൂമിയായി തുടരും എന്നതിനാൽ ഭൂമി ക്രയവിക്രയം ചെയ്യുന്നത് നിയമ വിരുദ്ധവുമാണ്. പട്ടയം അവരുടെ പേരിൽ നൽകുന്നതിന് വ്യവസ്ഥ ഇല്ല. |
| (ബി) വിലയ്ക്കു വാങ്ങിയ ആളിന്റെ പേരിൽ തന്നെ പട്ടയം, ഉടമസ്ഥാവകാശം എന്നിവ നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ